**‹ അനുസ്മരണം ›**

## മുഹമ്മദ് നജീബ്



**മലപ്പുറം** ജില്ലയിലെ കൂട്ടിലങ്ങാടി മൊട്ടമ്മൽ എസ്.ഐ.ഒ യൂനിറ്റിലെ പ്രവർത്തകനായിരുന്നു സി.എച്ച് മുഹമ്മദ് നജീബ് (33). കോട്ടയം കാളക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന നജീബ് ജീവിതലാളിത്യം കൊണ്ടും നിസ്വാർഥത കൊണ്ടും ഏവർക്കും മാതൃകയായിരുന്നു. വാക്കിലോ നോക്കിലോ ആരെയും വേദനിപ്പിക്കരുത് എന്ന് നിർബന്ധമുണ്ടായിരുന്ന നജീബ് മറ്റുള്ളവരെ കുറ്റപ്പെടുത്തി സംസാരിക്കുന്ന ഇടങ്ങളിൽനിന്ന് മാറിനിൽക്കാനും, അങ്ങനെ സംസാരിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും ശ്രമിക്കാറുണ്ടായിരുന്നു. ഏത് തിരക്ക്പിടിച്ച സന്ദർഭങ്ങളിലും കൃത്യസമയത്ത് നമസ്കാരം നിർവഹിക്കുന്നതിൽ ഒരു വിട്ടുവീഴ്ചക്കും നജീബ് തയാറായിരുന്നില്ല. കളിക്കളത്തിലാണെങ്കിൽപോലും ബാങ്ക് കേട്ടാൽ പള്ളിയിലേക്ക് പോവുക എന്നത് ചെറുപ്പം തൊട്ടേ നജീബിന്റെ ശീലമായിരുന്നു. കഴിഞ്ഞ ആറ് വർഷത്തോളമായി ബ്രെയിൻ ട്യൂമറിനു ചികിത്സയിലായിരുന്ന നജീബിന്റെ വിയോഗം ഒരു നിസ്വാർഥ പ്രവർത്തകനെയാണ് പ്രസ്ഥാനത്തിന് നഷ്ടമാക്കിയത്. ജമാഅത്തെ ഇസ്‌ലാമി അംഗവും, മുൻ ഐ.എസ്.ടി മാനേജറുമായ റിട്ടയേർഡ് പ്രധാനാധ്യാപകൻ ചങ്ങമ്പള്ളി അബ്ദുൽ മജീദ് മാസ്റ്ററുടെ ഏക മകനാണ്. ജമീലയാണ് മാതാവ്. ഭാര്യ കൊളക്കാടൻ സജ്‌ല. മക്കൾ അംജദ് നബീൽ, അഫ്‌ല ഹാദിയ.

**സി.എച്ച് അനീസുദ്ദീൻ, കൂട്ടിലങ്ങാടി**

## ഒ.കെ ഷാജഹാൻ കൊണ്ടോട്ടി



**ചിലർ** അങ്ങനെയാണ്, ചുരുങ്ങിയ കാലത്തെ ജീവിതം കൊണ്ട് സമൂഹത്തിൽ ഒട്ടനവധി മാതൃകകൾ അവശേഷിപ്പിച്ച് അല്ലാഹുവിങ്കലേക്ക് യാത്രയാവും. കൊണ്ടോട്ടിയിലെ കാളോത്ത് വെച്ചുണ്ടായ ബൈക്കപകടത്തിൽ മരണപ്പെട്ട എസ്.ഐ.ഒ കൊണ്ടോട്ടി ഏരിയ കമ്മിറ്റി അംഗവും സാഫി കോളേജിലെ സജീവ എസ്.ഐ.ഒ പ്രവർത്തകനുമായ ഒ.കെ ഷാജഹാൻ അത്തരമൊരു പ്രസ്ഥാന പ്രവർത്തകനായിരുന്നു. ഇരുപതാമത്തെ വയസ്സിൽ തന്നെ ഒരുപാട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയാണ് ഷാജഹാൻ യാത്രയായത്. സാഫി കോളേജിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് മേൽവിലാസം ഉണ്ടാക്കണമെന്നത് ഷാജഹാന്റെ അടങ്ങാത്ത ആഗ്രഹമായിരുന്നു. മരണത്തിന്റെ തലേ ദിവസം കോളേജ് ഇലക്ഷനിൽ എസ്.ഐ.ഒ സ്ഥാനാർഥിയായി നോമിനേഷൻ നൽകുകയും രണ്ട് പ്രവർത്തകരെ കൊണ്ട് നോമിനേഷൻ കൊടുപ്പിക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിക പ്രവർത്തനവും കുടുംബവും പഠനവും ജോലിയും ഒരുമിച്ചു കൊണ്ടുപോകുന്നതിൽ വിജയിച്ച പ്രവർത്തകൻ. മേലങ്ങാടി മദ്റസത്തുന്നൂറിൽ അധ്യാപകനായും ഒഴിവു ദിവസങ്ങളിലും വെക്കേഷനുകളിലും ടെക്സ്റ്റൈയിൽസുകളിൽ ജോലിചെയ്തുമാണ് പഠനത്തിനുള്ള പണം കണ്ടെത്തിയിരുന്നത്.

നല്ല സംഘാടകൻ കൂടിയായിരുന്നു ഷാജഹാൻ. മേലങ്ങാടി മദ്രസയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിലും വിദ്യാർഥികളിൽ ഇസ്‌ലാമികാവബോധം വളർത്തുന്നതിലും ഷാജഹാൻ നേതൃത്വം നൽകി. മദ്റസാ പഠനയാത്രകളടക്കമുള്ള പ്രവർത്തനങ്ങൾ സംഘാടക മികവിന്റെ ഉദാഹരണങ്ങളായിരുന്നു. കോളേജിലെയും നാട്ടിലെയും പ്രസ്ഥാന പ്രവർത്തനങ്ങളിലും തണൽ ലൈബ്രറി പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ പങ്ക് സ്മരണീയമാണ്. സഹപ്രവർത്തകരും നാട്ടുകാരുമായി വലിയൊരു സൗഹൃദ വലയം അദ്ദേഹത്തിനുണ്ടായിരുന്നു.

**അശ്റഫ് കൊണ്ടോട്ടി**

## അബ്ദുൽ ഹമീദ് ആലങ്ങോടൻ



**മലപ്പുറം** ജില്ല കോട്ടക്കൽ ഏരിയയിൽ പറപ്പൂർ സൗത്ത് ഹൽഖാ സെക്രട്ടറിയായിരുന്നു അബ്ദുൽ ഹമീദ് ആലങ്ങാടൻ(53). ഏറെ കാലത്തെ പ്രവാസ ജീവിതത്തിനു ശേഷം അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങളിൽ ആകൃഷ്ടനാവുകയായിരുന്നു. വായനാശീലവും വ്യക്തമായ കാഴ്ചപ്പാടുകളും ആഴത്തിലുള്ള പഠന വൈഭവവും അദ്ദേഹത്തെ വ്യത്യസ്തനാക്കി. ചുരുങ്ങിയ കാലം കൊണ്ടുതന്നെ പ്രവർത്തന മണ്ഡലത്തിൽ വ്യക്തി മുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. രോഗം മൂലം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടപ്പോഴും സുസ്മേരവദനനായി പ്രസ്ഥാനിക പ്രവർത്തനങ്ങളിൽ ചിന്താപരമായും ക്രിയാത്മകമായും ഇടപെട്ടിരുന്നു. അയൽക്കൂട്ടം രൂപീകരിക്കുന്നതിൽ മുൻകൈയെടുത്ത അദ്ദേഹം സോപ്പുണ്ടാക്കൽ, കുടനിർമ്മാണം തുടങ്ങിയ സ്വയം തൊഴിലുകൾ പരിശീലിപ്പിച്ചു. വെൽഫെയർ പാർട്ടിയുടെ പറപ്പൂർ പഞ്ചായത്ത് പ്രഥമ സെക്രട്ടറിയായിരുന്നു. ലളിത ജീവിതം നയിച്ചിരുന്ന അദ്ദേഹം നല്ലൊരു കർഷകൻ കൂടിയായിരുന്നു.

ഗ്രാമത്തിൽ പൊതു സമ്മതനായ അദ്ദേഹം മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സമയം കണ്ടെത്തി. 15 വർഷമായി സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രാദേശിക പലിശരഹിതനിധിയുടെ ഡയറക്ടറായിരുന്നു. പലിശരഹിതനിധിയെ ഒരു സമ്പൂർണ സൊസൈറ്റിയാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിനിടെയാണ് അദ്ദേഹം കർമ രംഗത്ത്നിന്ന് വിടവാങ്ങിയത്. പിതാവ് സൈനുദ്ദീൻ മാസ്റ്ററും മാതാവും ഭാര്യയും 4 മക്കളുമടങ്ങിയതാണ് അദ്ദേഹത്തിന്റെ കുടുംബം.

**ഇബ്നു അഹ്മദ്**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ – ആമീൻ*